# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 6052** **19.11.2019-ൽ മറുപടിക്ക്**

**ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. പി. കെ. ശശി<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. വി. കെ. പ്രശാന്ത്<br>ശ്രീ. ആർ. രാജേഷ്: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാദേശിക ടൂറിസം വികസനത്തിന് ഏറെ പ്രയോജനകരമായ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്.<br>കേരള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമായ ഡി. ടി. പി. സികളുടെ അധ്യക്ഷർ അതത് ജില്ലാ കലക്ടർമാരാണ്. വിനോദ സഞ്ചാര വകുപ്പ് ഏൽപ്പിച്ച പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്താൻ കൃത്യമായ ഇടവേളകളിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവലോകന യോഗങ്ങൾ ചേരാറുണ്ട്. ഡി. ടി. പി. സികളുടെ വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നുമുണ്ട്. |
| (ബി) | ഡി. റ്റി. പി. സി. വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും അതുവഴി ഓരാരോ ഡി. റ്റി. പി. സി.-കളുടെയും വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവും വ്യക്തമാക്കാമോ; | (ബി) | വിനോദ സഞ്ചാര വകുപ്പ് അനുവദിക്കുന്ന ധാരാളം പദ്ധതികൾ ഡി. ടി. പി. സി. വഴി നടപ്പാക്കുന്നുണ്ട്; കൂടാതെ നിർമാണം പൂർത്തിയായ പല പദ്ധതികളും ഡി.ടി. പി. സി. ഏറ്റെടുത്തു നടത്തുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ ആക്ടിവിറ്റികൾ ഉൾപ്പെടുത്തി പദ്ധതികൾ ആകർഷകമാക്കാനും വരുമാനം വർധിപ്പിക്കാനുമുള്ള നടപടികളും ഡി. ടി. പി. സികൾ സ്വീകരിക്കാറുണ്ട്.<br>വിനോദ സഞ്ചാര മേഖലയുടെ പ്രോത്സാഹനത്തിനുള്ള ബ്രോഷർ തയാറാക്കൽ, വെബ്സൈറ്റുകളുടെ അപ്ഡേഷൻ, ഫോൺ മുഖേനയും ഇ മെയിൽ വഴിയും വിനോദ സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഡി. ടി. പി. സി. നടത്തുന്നുണ്ട്. ഓണം പോലുള്ള ഉത്സവാഘോഷ വേളകളിലും ഡി. ടി. പി. സിയുടെ മേൽനോട്ടത്തിലുള്ള വിനോദ |

<table>
<tr><td></td><td></td><td></td><td>സഞ്ചാര കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.<br>കേരള ട്രാവൽ മാർട്ട്, ചലച്ചിത്രോത്സവം തുടങ്ങിയവയുടെ ഭാഗമാവുന്നതിനൊപ്പം ഇത്തരം വേദികളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിപണനത്തിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.<br>വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനും പ്ലാസ്റ്റിക് വിമുക്തമാക്കാനും ഗ്രീൻ പ്രൊട്ടോക്കോൾ നടപ്പാക്കാനുമുള്ള നടപടികളും ഡി. ടി. പി. സി. സ്വീകരിക്കുന്നുണ്ട്.<br>വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക വഴി വരുമാനത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാനും ഡി. ടി. പി. സിക്കു സാധിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡി. റ്റി. പി. സി.-കളുടെ പ്രവർത്തനങ്ങൾക്കായി ഇതുവരെ നൽകിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ;</td><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഡി. ടി. പി. സികൾക്കായി വിവിധ ബജറ്റുകളിൽ വകയിരുത്തിയ വിഹിതം ഇപ്രകാരമാണ്:
<table>
<tr><th>വർഷം</th><th>തുക(ലക്ഷം രൂപയിൽ)</th></tr>
<tr><td>2016 - 2017</td><td>605</td></tr>
<tr><td>2017 - 2018</td><td>1200</td></tr>
<tr><td>2018 - 2019</td><td>1320</td></tr>
<tr><td>2019 - 2020</td><td>1220</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ഡി. റ്റി. പി. സി.-യുടെ കൈവശമുള്ള സ്ഥാപനങ്ങൾ സമയബന്ധിതമായി വാടക പുതുക്കി നൽകുന്നതിനും പരമാവധി സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകി ഡി. റ്റി. പി. സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ;</td><td>(ഡി)</td><td>ഡി. ടി. പി. സിക്കു കീഴിലെ സ്ഥാപനങ്ങളും ആക്ടിവിറ്റികളും സമയബന്ധിതമായി ടെൻഡർ ചെയ്യുകയും വാടക നിരക്കുകളിൽ കാലാനുസൃതമായ വർധന നടപ്പാക്കുകയും ചെയ്യാറുണ്ട്.</td></tr>
<tr><td>(ഇ)</td><td>ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഡി. റ്റി. പി. സി.- യുടെ വക സ്ഥാപനങ്ങൾ വാടകയ്ക്കോ ലീസിനോ നൽമ്പോൾ നടപടിക്രമങ്ങൾ ലഘൂകരിച്ച് സുതാര്യ വ്യവസ്ഥകളോടെ കൈമാറുന്നതിന് നിർദ്ദേശം നൽകുമോ?</td><td>(ഇ)</td><td>ഈ വിഷയത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ